മിസ്റ്റർ കെ. പി. വള്ളോൻ.—സക്കാരിൽ നിന്നും ഈ ഭജനമഠം പണിയിച്ചു കൊടുത്തിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ഭൂമി സക്കാർ വകയാണു്. ക്ഷേത്രം ആളുകൾ തന്നെ പണിയിച്ചതായിരിക്കാം.

മിസ്റ്റർ കെ. പി. വള്ളോൻ.—ആളുകൾ പണിയിച്ച സ്ഥലത്തു അവർക്കു കടന്നുകൂടാ എന്നു് ഗവമ്മെണ്ടു വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—അതിനേക്കുറിച്ചു നോട്ടു ചെയ്തു വെക്കാമെന്നു പറവാൻ തരമുള്ളൂ.

Utilisation of receipts in the Bhajana Mutt and Mutt compound in Cheppanam

110. മിസ്റ്റർ കെ. പി. വള്ളോൻ.—(a) ചേപ്പനം നിവാസികളായ അധഃകൃതർക്കു വേണ്ടി പണി ചെയ്തിട്ടുള്ള ഭജനമഠവും സ്ഥലവും ആരെ ഏല്പിച്ചിരിക്കുന്നു;

(b) ടി പറമ്പിലെ വരായ്ക എന്തു;

(c) ടി സംഖ്യകൾ എവിടെ നിക്ഷേപിക്കുന്നു;

(d) ടി സ്ഥലം ഗവമ്മെണ്ടു പാട്ടത്തിനു എടുത്തിട്ടുള്ളതാണൊ?

രാമവമ്മതമ്പുരാൻ.—(a) ചേപ്പനത്തെ ഭജനമഠം അധഃകൃത കൊ-ഓപ്പറേറീവ് സംഘം പ്രസിഡെണ്ടിനെ ഏല്പിച്ചിട്ടുണ്ടു്.

(b and c) ഗവമ്മെണ്ടിനു നിശ്ചയമില്ല.

(d) അല്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—പ്രസിഡെണ്ടിനെ ഏല്പിച്ചിരിക്കുന്നുവൊ? അല്ലെങ്കിൽ സംഘത്തെ ഏല്പിച്ചിരിക്കുന്നുവൊ?

രാമവമ്മതമ്പുരാൻ.—പ്രസിഡെണ്ടിനെ.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇതിൽ നിന്നുണ്ടാകുന്ന ആദായം സംഘത്തിനായിരിക്കുമൊ? അതൊ പ്രസിഡെണ്ടിനായിരിക്കുമൊ?

രാമവമ്മതമ്പുരാൻ.—അതിലെ വരായ്ക ഭജനമഠത്തിനാണു് പ്രയോഗിക്കുന്നതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇപ്പോൾ ആ ആദായം എടുക്കുന്നതു് ആരാണെന്നറിയാമൊ?

രാമവമ്മതമ്പുരാൻ.—ഗവമ്മെണ്ടിന്റെ അറിവിൽ പെട്ടിടത്തോളം ഭജനമഠത്തിനെടുക്കുന്നു എന്നാണു് അറിയുന്നതു്.

Enquiring into complaint of non-receipt of feeding charges for Depressed Classes pupils.

111. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃത വിദ്യാർത്ഥികൾക്കു് അനുവദിച്ചിട്ടുള്ള ഫീഡിംഗ് ചാർജ്ജു് എല്ലാ സ്കൂളിലും

LIBRARY ARCHIVES Kerala Legislative Assembly